ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള താപനത്തിന്റെയും പരിസ്ഥിതി മലിനീകരണത്തിന്റെയും ദൂഷ്യഫലങ്ങൾ സമകാലിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that today's world is grappling with the adverse effects of global warming and environmental pollution.**

2. ലോകത്ത് അതിവേഗം വളരുന്ന പ്രധാന സാമ്പത്തിക ശക്തിയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കൗടില്യ സാമ്പത്തിക സമ്മേളനത്തിന്റെ മൂന്നാം പതിപ്പിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi said that India is the fastest growing economy in the world. The Prime Minister addressed the third edition of the Kautilya Economic conclave.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിൽപി എം കിസാൻ സമ്മാൻ നിധിയുടെ 18-ാാം ഗഡു വിതരണോദ്ഘാടനം നിർവഹിക്കും.

   **Prime Minister Narendra Modi will inaugurate the distribution of the 18th installment of PM Kisan Samman Nidhi in Maharashtra tomorrow.**

4. ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പ് നാളെ; ഒറ്റഘട്ടത്തിൽ ജനവിധി തേടുന്നത് 90 മണ്ഡലങ്ങൾ.

**Haryana assembly elections tomorrow; voting across 90 seats in single phase**

5. പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിന് തുടക്കം; വയനാട്ടിലേയും വിലങ്ങാടിലേയും ഉരുൾ പൊട്ടലിൽ ജീവൻ നഷ്ടമായവർക്ക് ശ്രദ്ധാജ്ഞലി അർപ്പിച്ച് നിയമസഭ.

**12th Session of the Fifteenth Kerala Legislative Assembly started; Legislative Assembly pays tribute to those who lost their lives in landslides in Wayanad and Vilangad.**

6. വനിതാ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ ന്യൂസിലാന്റ് പോരാട്ടം.

**In Women's Twenty20 Cricket World Cup, India take on New Zealand today**

**********************************

## PM- Koudilya

ലോകത്ത് അതിവേഗം വളരുന്ന പ്രധാന സാമ്പത്തിക ശക്തിയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കൗടില്യ സാമ്പത്തിക സമ്മേളനത്തിൻറെ മൂന്നാം പതിപ്പിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സ്റ്റാർട്ടപ്പ് പരിസ്ഥിതി, പുനരുപയോഗ ഊർജ്ജം, ഇന്റർനെറ്റ് ഉപഭോക്താക്കളുടെ എണ്ണം, മൊബൈൽ നിർമാണ മേഖല തുടങ്ങിയവയിൽ ഇന്ത്യ മുൻനിരയിലാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**********************************

## PM - MAHARASHTRA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡു വിതരണോദ്ഘാടനം അദ്ദേഹം നിർവഹിക്കും. രാജ്യത്തുടനീളമുള്ള 9.4 കോടി

കർഷകർക്ക് 20,000 കോടിയിലധികം രൂപയാണ് ലഭിക്കുക. കാർഷിക-മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട 23,300 കോടി രൂപയുടെ വിവിധ സംരംഭങ്ങൾക്കും പ്രധാനമന്ത്രി വാഷിമിൽ തുടക്കം കുറിക്കും. ബഞ്ജാര സമുദായത്തിന്റെ സമ്പന്നമായ പൈതൃകം ഉൾക്കൊള്ളുന്ന ബഞ്ജാര പൈതൃക മ്യൂസിയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഠാണെയിൽ 32,800 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

***********************************

## PREZ- RAJASTHAN ( INTRO )

ആഗോള താപനത്തിൻറെയും പരിസ്ഥിതി മലിനീകരണത്തിൻറെയും ദൂഷ്യഫലങ്ങൾ സമകാലിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഈ വെല്ലുവിളികളെ നേരിടേണ്ടത് നാം ഓരോരുത്തരുടെയും കടമയാണെന്നും രാഷ്ട്രപതി പറഞ്ഞു. ആത്മീയതയിലൂടെ ആരോഗ്യകരമായ സമൂഹം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ആഗോള ഉച്ചകോടി രാജസ്ഥാനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിൻറെ കർമ പരിപാടിയിൽ പങ്കുചേരണമെന്നും രാഷ്ട്രപതി അഭ്യർത്ഥിച്ചു.

( HOLD VOICE )

ലോകത്തിൻ്റെ പല ഭാഗങ്ങളിലും അശാന്തി പുലരുന്ന ഈ കാലത്ത് സമാധാനത്തിൻ്റെയും ഐക്യത്തിൻ്റെയും പ്രാധാന്യം വർധിച്ചതായി ശ്രീമതി മുർമു പറഞ്ഞു. ബ്രഹ്മ കുമാരീസ് വിദ്യാലയത്തിൻറെ നേതൃത്വത്തിലാണ് നാല് ദിവസത്തെ ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

***********************************

## HARYANA ELECTION

ഹരിയാനയിലെ 90-അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് നാളെ നടക്കും. വോട്ടെടുപ്പിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായതായി ഹരിയാന ചീഫ് ഇലക്ടറൽ ഓഫീസർ പങ്കജ്

അഗർവാൾ പറഞ്ഞു. ഒറ്റഘട്ടമായി നടക്കുന്ന തിരഞ്ഞെടുപ്പിൽ 1,031 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. രാവിലെ ഏഴ് മണിക്ക് ആരംഭിക്കുന്ന പോളിംഗ് വൈകിട്ട് ആറിന് അവസാനിക്കും. രണ്ട് കോടിയിലേറെ വോട്ടർമാരാണ് ഹരിയാനയിൽ നാളെ സമ്മതിദാനാവകാശം വിനിയോഗിക്കുക. 20,632 പോളിങ്ങ് ബൂത്തുകൾ സംസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. ജമ്മുകശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഫലപ്രഖ്യാപനം ഈ മാസം 8 ന് നടക്കും.

*********************************

## KERALA ASSEMBLY

15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിന് ഇന്ന് തുടക്കമായി. മേപ്പാടി, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ മരിച്ചവർക്ക് നിയമസഭ ആദരാഞ്ജലികൾ അർപ്പിച്ചു. മഹാ ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്തത്തെ അതിജീവിച്ചവർക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജീവിതം നൽകാനുള്ള പരിശ്രമത്തിലാണ് സർക്കാരെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വയനാട് ദുരന്തബാധിതർക്കായി സുരക്ഷിതമായ ടൌൺഷിപ്പ് നിർമ്മാണം പുരോഗമിക്കുകയാണെന്നും, വിലങ്ങാട് ദുരന്തബാധിതരുടെ സമഗ്ര പുനരധിവാസം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. മേപ്പാടി, വിലങ്ങാട് ദുരന്തവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു. കേരള ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതി ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു. ചരമോപചാരം അർപ്പിച്ച ശേഷം ഇന്നത്തേക്ക് പിരിഞ്ഞ സഭ തിങ്കളാഴ്ച വീണ്ടും ചേരും.

*********************************

## EAM JAISANKAR - PAKISTAN

ഇസ്ലാമാബാദിൽ നടക്കുന്ന ഷാങ്ഹായ് കോ-ഓപ്പറേഷൻ സംഘടന - നേതൃതല യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ നയിക്കും. ഈ മാസം 15-16 തീയതികളിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

പാകിസ്ഥാൻ വിദേശകാര്യ മന്ത്രി ബിലാവൽ ഭൂട്ടോ സർദാരി കഴിഞ്ഞ വർഷം SCO വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി ഇന്ത്യയിലെത്തിയിരുന്നു. അതേസമയം, വിദേശകാര്യമന്ത്രിയുടെ പാകിസ്ഥാൻ സന്ദർശന വേളയിലെ ഉഭയകക്ഷി കൂടിക്കാഴ്ചകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

*********************************

## Supreme Court Review Sub-Classification

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കുള്ളിലെ ഉപസംവരണം അനുവദനീയമാണെന്ന ഭരണഘടനാ ബെഞ്ചിന്റെ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീം കോടതി തള്ളി. ഓഗസ്റ്റ് 1 ന് പുറപ്പെടുവിച്ച സുപ്രീം കോടതിയുടെ വിധിയിൽ അപാകതയില്ലെന്നും ഹർജികൾ തള്ളുകയാണെന്നും ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ഏഴംഗ ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി.

*********************************

## HM-DRUGS

ലഹരിമരുന്ന് വിമുക്ത ഇന്ത്യക്കായി വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മയക്കുമരുന്ന് ശൃംഖലയെ പൂർണ്ണമായും തകർത്ത്, ഇന്ത്യയെ ലഹരി വിമുക്ത രാജ്യമാക്കുകയെന്ന ലക്ഷ്യത്തിനായാണ് കേന്ദ്രം ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

*********************************

## RAJNATH SINGH (INTRO)

പ്രതിരോധ ഉപകരണങ്ങളുടെ നിർമ്മാണമേഖലയിൽ രാജ്യം വളരെയധികം മുന്നേറിയതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. മിശ്ര സമ്പദ് വ്യവസ്ഥയുടെ ഗുണഫലങ്ങൾ ഇന്ത്യ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ പ്രതിരോധ ഉപകരണ നിർമ്മാതാക്കളുടെ കൂട്ടായ്മയെ അഭിസംബോധന

ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയിൽ ഇറക്കുമതിയെ മാത്രം ആശ്രയിച്ചിരുന്ന കാലം അവസാനിച്ചുവെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി. ( വോയിസ് )

********************************

Womens T20 World Cup 2024

വനിതാ ട്വൻ്റി - 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യയും ന്യൂസിലാന്റും തമ്മിലുള്ള മത്സരം ആരംഭിച്ചു. ടോസ് നേടിയ ന്യൂസിലാൻഡ് ബാറ്റിങ്ങ് തിരഞ്ഞെടുത്തു. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. അതേസമയം ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക് വെസ്റ്റ് ഇൻഡീസിനെ 10 വിക്കറ്റിന് പരാജയപ്പെടുത്തി. വിൻഡീസ് ഉയർത്തിയ 118 റൺസ് പിന്തുടർന്ന ദക്ഷിണാഫ്രിക്ക 17. 5 ഓവറിൽ വിക്കറ്റൊന്നും നഷ്ടമാകാതെ ലക്ഷ്യം മറികടക്കുകയായിരുന്നു.

********************************

ISSF SHOOTING

പെറുവിലെ ലിമയിൽ നടക്കുന്ന ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ ജൂനിയർ വേൾഡ് ചാമ്പ്യൻഷിപ്പിൽ 16 മെഡലുകളോടെ ഇന്ത്യ ഒന്നാം സ്ഥാനത്ത് തുടരുന്നു. 11 സ്വർണവും ഒരു വെള്ളിയും നാല് വെങ്കലവുമാണ് ഇന്ത്യൻ താരങ്ങൾ നേടിയത്. പുരുഷന്മാരുടെ 25 മീറ്റർ റാപ്പിഡ്-ഫയർ പിസ്റ്റൾ ടീം ഇനത്തിൽ മുകേഷ് നെലവള്ളി, രാജ്വർദൻ പാട്ടീൽ, ഹർസിമർ സിംഗ് റാത്ത എന്നിവരാണ് ഏറ്റവുമൊടുവിൽ ഇന്ത്യക്കായി സ്വർണമെഡൽ കരസ്ഥമാക്കിയത്.

********************************

Kupwara- MINE BLAST

ജമ്മു കശ്മീരിലെ കുപ്വാര ജില്ലയിൽ നിയന്ത്രണരേഖയ്ക്ക് സമീപം മൈൻ പൊട്ടിത്തെറിച്ച് രണ്ട് സൈനികർക്ക് പരിക്കേറ്റു. മേഖലയിൽ സൈനികർ പട്രോളിംഗ് നടത്തുന്നതിനിടെയായിരുന്നു സ്ഫോടനം. പരിക്കേറ്റ സൈനികരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തെത്തുടർന്ന് പ്രദേശത്ത് സൈന്യം സുരക്ഷ ശക്തമാക്കി.

********************************

## MIRZAPUR ACCIDENT- PREZ PM

ഉത്തർപ്രദേശിലെ മിർസാപൂർ വാഹനപകടത്തിൽ മരിച്ചവർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രി 2 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപയും അനുവദിക്കും. അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരും രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് പുലർച്ചെയാണ് മിർസാപൂർ-വാരാണസി അതിർത്തിയിലെ മിർസാമുറാദിന് സമീപം ട്രക്കും ട്രാക്ടർ ട്രോളിയും കൂട്ടിയിടിച്ച് 10 പേർ മരിച്ചത്. അപകടത്തിൽ പരിക്കേറ്റ മൂന്ന് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

*********************************

## ISREAL-LEBANON

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ലെബനനിലുടനീളം ആക്രമണം ശക്തമാക്കി ഇസ്രായേൽ. ആക്രമണങ്ങളിൽ മുപ്പതിലേറെ പേർ കൊല്ലപ്പെടുകയും 150 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ലെബനീസ് ആരോഗ്യ മന്ത്രാലയം അറിയിച്ചു. ലെബനനിലേക്ക് സൈനിക ഉപകരണങ്ങൾ കൊണ്ടുപോകാനുള്ള ഹിസ്ബുള്ളയുടെ ശ്രമങ്ങൾ തടയുകയായിരുന്നു ലക്ഷ്യമെന്ന് ഇസ്രായേൽ പ്രതികരിച്ചു. അതേസമയം, ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറാഖി ബെയ്റൂട്ടിലെത്തിയതായി ലെബനീസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

*********************************

************************

*************